പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *382 — 24.06.2019 ൽ മറുപടിയ്ക്ക്

## ഐ.ടി.ഐ.കളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം. നൗഷാദ്<br>,, എം. സ്വരാജ്<br>,, ആർ. രാജേഷ്<br>,, പി.കെ. ശശി : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

| | |
| --- | --- |
| (എ) യുവാക്കളുടെ തൊഴിൽ നൈപുണ്യം, ആഗോള തൊഴിൽ കമ്പോളത്തിന്റെ ആവശ്യകതയ്ക്കും നൂതന പ്രവണതകൾക്കും അനുസൃതമായി വികസിപ്പിക്കുന്നതിനായി സംസ്ഥാനത്തെ ഐ.ടി.ഐ.കളെ മികവേറിയ സ്ഥാപനങ്ങളാക്കിത്തീർക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കുമോ; | (എ) സംസ്ഥാനത്തെ ഐ.ടി.ഐ.കളെ മികവേറിയ സ്ഥാപനങ്ങളാക്കി തീർക്കുന്നതിന് താഴെ പറയുന്ന നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>1 <u>ഐ.ടി.ഐ കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത്.</u><br>12 സർക്കാർ ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.കൾ ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിൽ 10 ഐ.ടി.ഐകൾ കിഫ്ബിയുടെ ധനസഹായത്തോടെയും, രണ്ട് എണ്ണം വകുപ്പുതല ഫണ്ടും ഉപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.<br>2. <u>ഐ.എസ്.ഒ സർട്ടിഫിക്കേഷൻ</u><br>വകുപ്പിന് കീഴിലുള്ള ഐ.ടി.ഐകളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും, ഉയർന്ന നിലവാരവും ലക്ഷ്യമിട്ട് 34 സർക്കാർ ഐ.ടി.ഐ.കൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കോഴിക്കോട് (വനിത) ഐ.ടി.ഐ.യിൽ അക്കാദമിക മികവിനായുള്ള പരിശീലന സംബന്ധമായ നൂതന ഐ.എസ്.ഒ 29993-2017 സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. |

3. ഇൻഡസ്ട്രികളുമായുള്ള സഹകരണം

ഐ.ടി.ഐ.കളിലെ പരിശീലനാർത്ഥികൾക്ക് ആധുനിക സാങ്കേതിക വിദ്യയിൽ പരിജ്ഞാനം ലഭ്യമാക്കുന്നതിനും, അതുവഴി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുമായി വിവിധ വ്യവസായ സ്ഥാപനങ്ങളുമായി ഐ.ടി.ഐ.കൾ ധാരണാ പത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്.

4. കാലഹരണപ്പെട്ട ട്രേഡുകളുടെ റീവാമ്പിംഗ്.

ഐ.ടി.ഐ.കളിൽ നിലവിലുള്ളതും കാലഹരണപ്പെട്ടതുമായ ട്രേഡുകൾ റീവാമ്പ് ചെയ്ത് തൊഴിൽ സാധ്യതയുള്ളതും, നൂതനവുമായ പുതിയ ട്രേഡുകൾ കാലാകാലങ്ങളിൽ ആവിഷ്കരിക്കുന്നുണ്ട്

5. പ്ലേസ്മെന്റ് സെൽ

വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന ട്രെയിനികൾക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനായി പ്ലേസ്മെന്റ് സെല്ലുകൾ സർക്കാർ ഐ.ടി.ഐ കളിൽ പ്രവർത്തിച്ച് വരുന്നു.

6. സംരംഭകത്വ വികസന ക്ലബ്ബ്

വ്യവസായ വകുപ്പുമായി സംയോജിച്ച് ഭൂരിഭാഗം ഐ.ടി.ഐ.കളിലും സംരംഭകത്വ വികസന ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സംരംഭകത്വ സംസ്കാരം പരിശീലനാർത്ഥികളിൽ വളർത്തുക എന്നതാണ് ഈ ക്ലബ്ബുകൾ മുഖേന ലക്ഷ്യമിടുന്നത്.

7. ടെക്നിക്കൽ എക്സ്ചേഞ്ച് പ്രോഗ്രാം

സർക്കാർ ഐ.ടി.ഐ.കളിൽ പഠന മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിൽ ഉന്നത പരിശീലനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

8. ജോബ് ഫെയർ

വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന ട്രെയിനികൾക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനായി ജില്ലാതലത്തിലും മേഖലാ തലത്തിലും ജോബ് ഫെയർ സംഘടിപ്പിക്കുന്നുണ്ട്.

| | | |
|---|---|---|
| (ബി) ഏതെല്ലാം ഐ.ടി.ഐ.കൾക്ക് ഐ.എസ്.ഒ. അംഗീകാരം നേടിയെടുക്കാനായിട്ടുണ്ട്; വിവിധ ഐ.ടി.ഐ.കളിൽ എല്ലാ ട്രേഡുകൾക്കും ക്വാളിറ്റി കൗൺസിൽ ഓഫ് ഇൻഡ്യയുടെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് എൻ.സി.വി.റ്റി. അഫിലിയേഷൻ നേടാനായിട്ടുണ്ടോ; | | (ബി) കണ്ണൂർ, കോഴിക്കോട്, കൽപ്പറ്റ, ചെന്നീർക്കര, ചാലക്കുടി (വനിത), കളമശ്ശേരി, ആറ്റിങ്ങൽ, കഴക്കൂട്ടം (വനിത), അരീക്കോട്, ചെങ്ങന്നൂർ, ധനുവച്ചപുരം, ചാക്ക, ചന്ദനത്തോപ്പ്, കൊല്ലം (വനിത), പള്ളിക്കത്തോട്, കട്ടപ്പന, ചാലക്കുടി, കണ്ണൂർ (വനിത), കാസർഗോഡ്, മാള, ഏറ്റുമാനൂർ, മലമ്പുഴ, കളമശ്ശേരി (വനിത), കോഴിക്കോട്(വനിത), ആര്യനാട്, ചാത്തന്നൂർ, മലയിൻകീഴ്, പള്ളിപ്പാട്, അട്ടപ്പാടി, കയ്യൂർ, കൊയിലാണ്ടി, നിലമ്പൂർ, കുഴൽമന്ദം, മാടായി എന്നീ 34 സർക്കാർ ഐ.ടി.ഐ.കൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്.<br><br>നിലവിൽ എൻ.സി.വി.ടി അഫിലിയേഷൻ നേടുന്നതിന് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ അക്രഡിറ്റേഷൻ നിർബന്ധമല്ല. സംസ്ഥാനത്ത് വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള 99 സർക്കാർ ഐ.ടി.ഐ കളിൽ കാസർഗോഡ് സർക്കാർ ഐ.ടി.ഐ യിലെ 3 ട്രേഡുകൾ ഒഴികെ മറ്റ് എല്ലാ ട്രേഡുകളുടെയും യൂണിറ്റുകൾക്ക് എൻ.സി.വി.ടി അഫിലിയേഷൻ നേടിയെടുക്കാനായിട്ടുണ്ട്. |
| (സി) പരിശീലന കോഴ്സുകളുടെ നിരന്തര നവീകരണത്തിനും പരിശീലകരുടെ ശേഷിവികസനത്തിനും ആധുനിക സാങ്കേതികവിദ്യകളുടെ പ്രയോഗത്തിന് പരിപാടിയുണ്ടോ; | | (സി) ഉണ്ട്. പരിശീലന കോഴ്സുകളുടെ നിരന്തര നവീകരണത്തിന്റെ ഭാഗമായി കാലഹരണപ്പെട്ടതും, തൊഴിൽ സാധ്യത കുറഞ്ഞതുമായ കോഴ്സുകൾ നിർത്തലാക്കി പകരം നൂതനവും തൊഴിൽ സാധ്യത കൂടിയതുമായ ട്രേഡുകൾ ഐ.ടി.ഐ.കളിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പരിശീലകരുടെ ശേഷി വികസനത്തിനും ആധുനിക സാങ്കേതിക വിദ്യകളുടെ പ്രയോഗത്തിനുമായി വകുപ്പിലെ പരിശീലകരെ ആധുനിക സാങ്കേതിക വിദ്യകളിൽ കൂടുതൽ പ്രാവീണ്യമുള്ളവരാക്കുന്നതിനായി കേരളത്തിനകത്തും പുറത്തുമുള്ള വിവിധ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളുടെ പരിശീലന കേന്ദ്രങ്ങളിൽ അയച്ച് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| | |
| (ഡി) പരിശീലനാർത്ഥികളുടെ സംരംഭകത്വ വികസനത്തിനായി പ്രത്യേക പരിപാടിയുണ്ടോ; വ്യക്തമാക്കുമോ? | (ഡി) പരിശീലനാർത്ഥികളുടെ സംരംഭകത്വ വികസനത്തിനായി വ്യവസായ വകുപ്പുമായി സംയോജിച്ച് ഭൂരിഭാഗം ഐ.ടി.ഐ.കളിലും സംരംഭകത്വ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സംരംഭകത്വ സംസ്കാരം പരിശീലനാർത്ഥികളിൽ വളർത്തുക എന്നതാണ് ഈ ക്ലബ്ബുകൾ മുഖേന ലക്ഷ്യമിടുന്നത്. പ്രസ്തുത ക്ലബ്ബുകൾ മുഖേന ചെറുകിട വ്യവസായങ്ങളുടെ പ്രസക്തി, ഊർജ്ജ സംരക്ഷണം, സാമ്പത്തിക സാക്ഷരത, വൈദ്യുതി സുരക്ഷാബോധവത്കരണം, വിവിധ സർക്കാർ വായ്പ പദ്ധതികൾ, മോട്ടിവേഷൻ തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധരുടെ ബോധവത്കരണ ക്ലാസുകൾ, സെമിനാറുകൾ എന്നിവ നടത്തി വരുന്നു. കൂടാതെ വിവിധ ഐ.ടി.ഐ.കളിൽ കുട നിർമ്മാണം, എൽ.ഇ.ഡി ട്യൂബ് നിർമ്മാണം, സോളാർ സിസ്റ്റം മെയിന്റനൻസ്, കൈത്തറി എന്നീ ചെറുകിട വ്യവസായങ്ങളിൽ പരിശീലനവും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ